**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 27.03. 2023

# "കൈക്കൂലി വാങ്ങുന്നതിന്നിടയിൽ സ്പെഷ്യൽ വില്ലേജ് ഓഫീസർ വിജിലൻസ് പിടിയിൽ"

തൃശ്ശൂർ ജില്ലയിലെ കുറ്റിച്ചിറ വില്ലേജ് ഓഫീസിലെ സ്പെഷ്യൽ വില്ലേജ് ഓഫീസർ വർഗ്ഗീസ് 1,000/- (ആയിരം രൂപ) രൂപ കൈക്കൂലി വാങ്ങുന്നതിന്നിടയിൽ ഇന്ന് (27.03.2023) വിജിലൻസ് പിടികൂടി.

തൃശ്ശൂർ മാന്ദാമംഗലം സ്വദേശിയും, ഭിന്നശേഷിക്കാരനുമായ പരാതിക്കാരന്റെ ഭാര്യയുടെ പേരിൽ കുറ്റിച്ചിറ വില്ലേജ് ഓഫീസ് പരിധിയിൽ പെട്ട വസ്തു ഭാര്യാമാതാവിന് ഇഷ്ടദാനം നൽകുന്നതിനായി ആധാരത്തിന്റെ പോക്ക് വരവ് ചെയ്യുന്നതിനും, നികുതി അടയ്ക്കുന്നതിനും ഭാര്യയുടെ പേരിൽ ROR (Record of Right ) certificate നുമായി കുറ്റിച്ചിറ വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഇത് നൽകുന്നതിനാണ് കുറ്റിച്ചിറ വില്ലേജ് ഓഫീസിലെ സ്പെഷ്യൽ വില്ലേജ് ഓഫീസറായ വർഗ്ഗീസ് കൈക്കൂലി ആവശ്യപ്പെട്ടത്. കഴിഞ്ഞ മാസവും മറ്റൊരു ROR (Record of Right ) certificate നൽകുന്നതിനായി പരാതിക്കാരനിൽ നിന്നും വർഗ്ഗീസ് കൈക്കൂലിയായി 5,00/- രൂപ കൈപ്പറ്റിയിരുന്നു. ഇപ്രാവശ്യവും പരാതിക്കാരനോട് 1,000/- രൂപ കൈക്കൂലി ആവശ്യപ്പെടുകയും ഇന്ന് (27.03.2023) ഓഫീസിലെത്തിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് പരാതിക്കാരൻ ഈ വിവരം തൃശ്ശൂർ വിജിലൻസ് ഡി.വൈ.എസ്.പി ശ്രീ. ജിം പോളിനെ അറിയിക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം ട്രാപ്പൊരുക്കി ഇന്ന് രാവിലെ 10.30 മണിയോടെ കുറ്റിച്ചിറ വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന താല്ക്കാലിക കെട്ടിടത്തിന് സമീപത്തെ ബാത്ത്റൂമിനടുത്ത് വച്ച് പരാതിക്കാരനിൽ നിന്നും 1,000/- രൂപ കൈക്കൂലി വാങ്ങിയ വർഗ്ഗീസിനെ വിജിലൻസ് കൈയ്യോടെ പിടികൂടുകയായിരുന്നു. അറസ്റ്റ് ചെയ്ത പ്രതിയെ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മദ്ധ്യ മേഖല പോലീസ് സൂപ്രണ്ട് ശ്രീ. ഹിമേന്ദ്രനാഥ്.ഐ.പി.എസ്-ന്റെ നിർദ്ദേശ പ്രകാരം വിജിലൻസ് തൃശ്ശൂർ യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ. ജിം പോളിന്റെ നേതൃത്വത്തിലുള്ള

വിജിലൻസ് സംഘത്തിൽ പോലീസ് ഇൻസ്പെക്ടറായ ശ്രീ. പ്രദീപ് കുമാർ, പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ. ജയകുമാർ, അസി. പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ. ബൈജു, പോലീസ് ഉദ്യോഗസ്ഥരായ ശ്രീ. ഗണേഷ്, ശ്രീ.വിബീഷ്. ശ്രീ.സൈജുസോമൻ, ശ്രീ.അരുൺ, ശ്രീ.സുധീഷ്, ശ്രീമതി സന്ധ്യ എന്നിവരും ഉണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.